# തുലിക

## വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിന്റെ പത്രം

### പ്രവേശനോത്സവം



വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിലെ പ്രവേശനോത്സവം ജൂൺ 3 തിങ്കളാഴ്ച അമ്പലപ്പാറ പഞ്ചായത്ത് പ്രസിഡൻ്റ് പി.വിജയലക്ഷ്മി ടീച്ചർ ഉദ്ഘാടനം ചെയ്തു.എൻ എസ് എസ് ഒറ്റപ്പാലം താലൂക്ക് യൂണിയൻ പ്രസിഡൻ്റ് എം.മോഹനൻ മാസ്റ്റർ മുഖ്യാതിഥിയായിരുന്നു.PTA പ്രസിഡൻ്റ് കെ.വേലായുധൻ അധ്യക്ഷത വഹിച്ചു. MPTA പ്രസിഡൻ്റ് എ.സീന തുടങ്ങിയവർ ആശംസകൾ നേർന്നു.ഹെഡ്മാസ്റ്റർ എം.ശശികുമാർ സ്വാഗതം പറഞ്ഞു.സ്റ്റാഫ് സെക്രട്ടറി കെ.അജിത് തമ്പാൻ നന്ദരേഖപ്പെടുത്തി. കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.



### വൃക്ഷ തൈ നടൽ

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് വൃക്ഷ തൈ നട്ടു.



## പരിസ്ഥിതി ദിന ക്വിസ്

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തി.

സീനിയർ അസിസ്റ്റൻറ് കെ.കെ രത്നകുമാരി, ദൃശ്യ ജി നായർ എന്നിവർ നേതൃത്വം നൽകി.

വർഷ പി(10 എ )ഒന്നാം സ്ഥാനവും ജിഷ്ണ (9 എ )രണ്ടാം സ്ഥാനവും ആര്യ പ്രകാശ് (10 എ) മൂന്നാം സ്ഥാനവും നേടി.




## ലോക ബാലവേല വിരുദ്ധ ദിനാചരണം



വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ സോഷ്യൽ സയൻസ് ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ ലോക ബാലവേല വിരുദ്ധ ദിനാചരണം നടത്തി. ഹെഡ്മാസ്റ്റർ എം.ശശികുമാർ ഉദ്ഘാടനം ചെയ്തു.സ്റ്റാഫ് സെക്രട്ടറി കെ.അജിത് തമ്പാൻ അധ്യക്ഷത വഹിച്ചു. സീനിയർ അസിസ്റ്റൻറ് ശ്രീമതികെ.കെ രത്നകുമാരി സ്വാഗതം പറഞ്ഞു.ബി .ധരേഷ് ആശംസകൾ നേർന്നു. കല്പനാ ദാസ് നന്ദി രേഖപ്പെടുത്തി. കുട്ടികൾ സ്കിറ്റ്, നാടൻപാട്ട് തുടങ്ങിയവ അവതരിപ്പിച്ചു.പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പ്രസംഗം ,കവിതാലാപനം ,നാടൻപാട്ട് തുടങ്ങിയവയും നടത്തി.

## ലോക രക്തദാന ദിനം



വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ ലോക രക്തദാന ദിനത്തോടനുബന്ധിച്ച് ഹെൽത്ത് ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ പ്രതിജ്ഞയെടുത്തു. രക്തദാനത്തിൻ്റെ മഹത്വത്തെക്കുറിച്ച് സ്കിറ്റ്, പോസ്റ്റർ പ്രദർശനം. നാടൻപാട്ട്, കവിതാലാപനം തുടങ്ങിയ പരിപാടികളും നടത്തി. ഹെൽത്ത് ക്‌ളബ്ബ് കൺവീനർ കല്പനാ ദാസ് നേതൃത്വം നൽകി.



## നൃത്ത പരിശീലനം ആരംഭിച്ചു

**വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ നൃത്ത പരിശീലനം ആരംഭിച്ചു. ദുർഗ്ഗ , വന്ദന എന്നിവരാണ് നൃത്തം അഭ്യസിപ്പിക്കുന്നത്. കുട്ടികളിൽ നിന്ന് യാതൊരു വിധ ഫീസും ഈടാക്കാതെയാണ് പരിശീലനം നടത്തുന്നത്.**

ഹെഡ്മാസ്റ്റർ എം.ശശികുമാർ അദ്ധ്യക്ഷത വഹിച്ചു.വർഷ (10A) സ്വാഗതവും ആര്യ പ്രകാശ് (10A) നന്ദിയും രേഖപ്പെടുത്തി. അശ്വതി P.P(10 A) ആശംസകൾ നേർന്നു. അരുണിമ (8A) ആര്യ (8A) എന്നിവർ കവിതാലാപനം നടത്തി.



## വായനശാല സന്ദർശനം



വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂൾ വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കോരപ്പത്ത് ദേവദാസ് മെമ്മോറിയൽ വായനശാല സന്ദർശിച്ചു.സ്റ്റാഫ് സെക്രട്ടറി കെ.അജിത് തമ്പാൻ, വിദ്യാരംഗം കൺവീനർ ബി.ധരേഷ് ,ദൃശ്യ.ജി.നായർ എന്നിവർ നേതൃത്വം നൽകി.വായനശാല സെക്രട്ടറി പത്മജൻ മാസ്റ്റർ വായനശാലയുടെ പ്രവർത്തങ്ങളെക്കുറിച്ച് സംസാരിച്ചു.

## വായനാദിന ക്വിസ്

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ വായനാദിനത്തോടനുബന്ധിച്ച് വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ നേതൃത്വത്തിൽ ക്വിസ് മത്സരം നടത്തി.വിദ്യാരംഗം കൺവീനർ ബി ധരേഷ് നേതൃത്വം നൽകി.വർഷ.പി (10 എ )ഒന്നാം സ്ഥാനവും അഞ്ജന കൃഷ്ണൻ (10 എ )രണ്ടാം സ്ഥാനവും ഹർഷ .പി (8 എ )മൂന്നാം സ്ഥാനവും നേടി




## യോഗാ ദിനാചരണം



വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ അന്താരാഷ്ട്ര യോഗാ ദിനാചരണം നടത്തി .സി.പി മുരളീധരൻ (ഡയറക്ടർ ,ശ്രീ ശങ്കര സ്കൂൾ ഓഫ് യോഗ ചെർപ്പുളശ്ശേരി) ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ എം ശശികുമാർ അധ്യക്ഷത വഹിച്ചു. സീനിയർ അസിസ്റ്റൻ്റ് കെ.കെ രതകുമാരി സ്വാഗതവും സ്റ്റാഫ് സെക്രട്ടറി കെ.അജിത് തമ്പാൻ നന്ദിയും രേഖപ്പെടുത്തി.യോഗ ഡെമോൺസ്ട്രേഷനും നടന്നു.

## അനുമോദനം

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ വിവിധ മത്സരങ്ങളിൽ വിജയിച്ചവരെ സ്കൂൾ അസംബ്ലിയിൽ വെച്ച് അനുമോദിച്ചു .ഹെഡ്മാസ്റ്റർ എം.ശശികുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.



## പതിപ്പ് പ്രകാശനം

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിലെ 8 A ക്ലാസിലെ സഞ്ജീവ് ടി.എസ് തയ്യാറാക്കിയ പതിപ്പ് ഹെഡ് മാസ്റ്റർ എം.ശശികുമാർ പ്രകാശനം ചെയ്തു.



## ലഹരി വിരുദ്ധ ദിനാചരണം

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ ലഹരി വിരുദ്ധ ദിനാചരണം രാജ്മോഹൻ (എക്സൈസ് അസിസ്റ്റൻ്റ് ഇൻസ്പെക്ടർ ) ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ എം.ശശികുമാർ അധ്യക്ഷത വഹിച്ചു. അജിത് തമ്പാൻ സ്വാഗതം പറഞ്ഞു. അശ്വതി P.P നന്ദി രേഖപ്പെടുത്തി.ഷാജി ( എക്സൈസ് പ്രിവൻ്റീവ് ഓഫീസർ) ആശംസകൾ നേർന്നു.



## ലഹരി വിരുദ്ധ റാലി

ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് എൻ എസ് എസ് ഹൈസ്കൂളിൽ ലഹരി വിരുദ്ധ റാലി നടത്തി.എക്സൈസ് അസിസ്റ്റൻ്റ് ഇൻസ്പെക്ടർ രാജമോഹൻ ഫ്ളാഗ് ഓഫ് ചെയ്തു.



വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ ലഹരി വിരുദ്ധ ദിനാചരണത്തിൻ്റെ ഭാഗമായി 8, 9, 10 ക്ലാസുകളിലെ കുട്ടികൾ സ്കിറ്റുകൾ അവതരിപ്പിച്ചു.





## ഫുട്ബോൾ മാച്ച്

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ ഫുട്ബാൾ മാച്ച് നടത്തി .നാലു ടീമുകളായാണ് മത്സരിച്ചത് .



# പത്രവാർത്തകളിലൂടെ

വേങ്ങശ്ശേരി എൻഎസ്എസ് ഹൈസ്കൂളിൽ ശ്രീശങ്കര സ്കൂൾ ഓഫ് യോഗ ഡയറക്ടർ സി.പി. മുരളീധരൻ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ എം. ശശികുമാർ അധ്യക്ഷത വഹിച്ചു. കെ.കെ. രത്നകുമാരി, കെ. അജിത് തമ്പാൻ സംസാരിച്ചു.



വേങ്ങശ്ശേരി എൻ.എസ്.എസ്. ഹൈസ്കൂളിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധറാലി എക്സൈസ് അസി. ഇൻസ്പെക്ടർ രാജ്മോഹൻ ഫ്ലാഗ്ഓഫ് ചെയ്യുന്നു. പ്രിവന്റീവ് ഓഫീസർ ഷാജി, പ്രധാനാധ്യാപകൻ എം. ശശികുമാർ, അജിത് തമ്പാൻ, വിദ്യാർഥികളായ അശ്വതി, ആര്യപ്രകാശ് എന്നിവർ നേതൃത്വം നൽകി

വേങ്ങശ്ശേരി● എൻഎസ്എസ് ഹൈസ്കൂളിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തിയ റാലി എക്സൈസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ രാജ് മോഹൻ ഫ്ലാഗ് ഓഫ് ചെയ്തു. പ്രധാനാധ്യാപകൻ എം.ശശികുമാർ, അജിത് തമ്പാൻ എന്നിവർ പ്രസംഗിച്ചു.



വേങ്ങശ്ശേരി എൻഎസ്എസ് ഹൈസ്കൂളിൽ എക്സൈസ് അസി. ഇൻസ്പെക്ടർ രാജ്മോഹൻ സംസാരിക്കുന്നു

വേങ്ങശ്ശേരി എൻഎസ്എസ് ഹൈസ്കൂളിൽ എക്സൈസ് അസി. ഇൻസ്പെക്ടർ രാജ്മോഹൻ ഉദ്ഘാടനം ചെയ്തു. ഹെഡ് മാസ്റ്റർ എം. ശശികുമാർ അധ്യക്ഷത വഹിച്ചു. അജിത് തമ്പാൻ, പി.പി. അശ്വതി, എക്സൈസ് പ്രിവന്റീവ് ഓഫീസർ ഷാജി സംസാരിച്ചു. ലഹരിവിരുദ്ധ റാലി, പ്രതിജ്ഞ, സ്കിറ്റ് എന്നിവയും നടന്നു.